<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3717</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

<u>കാർഷിക സർവകലാശാലയിലെ ഫീസ് വർദ്ധനവ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലെ കോഴ്സുകളുടെ ഫീസ് വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ഫീസ് വർദ്ധിപ്പിക്കാൻ ഇടയായ സാഹചര്യം വിശദമാക്കുമോ; | (എ) | കേരള കാർഷിക സർവകലാശാലയിലെ വിവിധ റെഗുലർ കോഴ്സുകളുടെ ഫീസ് 03.09.2025 തീയതിയിൽ പുറപ്പെടുവിച്ച ഓർഡിനൻസ് അനുസരിച്ച് സർവകലാശാല വർദ്ധിപ്പിക്കുകയുണ്ടായി.<br><br>നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിംവർക്കിൽ (NIRF) 2025-ൽ 12-ാം സ്ഥാനം നേടിയ കേരള കാർഷിക സർവകലാശാലയ്ക്ക്, തുടർന്നും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ഉയർന്ന റാങ്കുകൾ നേടുന്നതിനും, നിലവിലെ സ്ഥാനം നിലനിറുത്തുന്നതിനും, സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ഒരുക്കുന്നതിനും ഫീസ് വർധനവ് അനിവാര്യമാണെന്ന് സർവകലാശാല റിപ്പോർട്ട് ചെയ്തിരിക്കുന്നു. വിദ്യാർത്ഥി സമൂഹത്തിന്റെ നിലവിലെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം, കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലുമായി മറ്റ് സർവ്വകലാശാലകളുമായി താരതമ്യപ്പെടുത്താവുന്ന ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫീസ് വർദ്ധനവില്ലാതെ സർവകലാശാലയ്ക്ക് സാധ്യമാകില്ല.<br><br>സർവകലാശാലയുടെ പ്രധാന ആഭ്യന്തര വരുമാനം വിദ്യാത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസാണ്. ഇതര ആഭ്യന്തര വരുമാന സ്രോതസ്സുകളായ വിത്ത്, നടീൽ വസ്തുക്കളുടെ വില്പന, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വില്പന തുടങ്ങിയവയിൽ നിന്ന് സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന വരുമാനത്തിൽ കാര്യമായ വർധനക്ക് പ്രായോഗിക തടസ്സങ്ങളുണ്ട്. ഫീസിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം സർവകലാശാലയ്ക്ക് ആകെ ലഭിച്ചത് ₹11.10 കോടി രൂപയാണ്. അതുകൊണ്ടുതന്നെ, ആഭ്യന്തര |

| | | | |
|---|---|---|---|
| | | | വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ സർവകലാശാലയുടെ ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സർവകലാശാല അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് ഒരു സർവകലാശാലയുടെ പ്രധാന ആഭ്യന്തര വരുമാനം എന്ന നിലയിൽ ഫീസ് വർധന സർവകലാശാല നടപ്പിലാക്കിയത്. |
| (ബി) | ഏതെല്ലാം കോഴ്സുകളുടെ ഫീസാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വർദ്ധനയ്ക്കുശേഷം ഓരോ കോഴ്സിനും നൽകേണ്ട ഫീസിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2025-26 അധ്യയന വർഷം മുതൽ അഡ്മിഷൻ ഫീ (**3000/-**രൂപ), കോഷൻ ഡെപ്പോസിറ്റ് (**5000/-**രൂപ-refundable) എന്നീ വൺ ടൈം പേയ്മെന്റുകൾ ഒഴികെ സർവകലാശാലയിലെ എല്ലാ യു.ജി., പി.ജി., പി.എച്ച്.ഡി. റെഗുലർ പ്രോഗ്രാമുകൾക്കായി സെമസ്റ്റർ ഫീസിനത്തിൽ യഥാക്രമം **48,000/-** രൂപ **49,500/-** രൂപ, **49,900/-** രൂപ എന്നിങ്ങനെയാണ് സർവകലാശാല ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളത്. |
| (സി) | ഫീസ് വർദ്ധിപ്പിച്ചതോടെ സ്വകാര്യ എൻജിനീയറിങ് കോളേജുകളിലെ ബി.ടെക് കോഴ്സുകളുടേതിന് സമാനമായതോ അതിൽ കൂടുതലോ ഫീസ് നൽകേണ്ട സാഹചര്യമുണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സ്വകാര്യ എൻജിനീയറിങ് കോളേജുകളിൽ 50% സീറ്റുകളിൽ മാത്രമേ സമാന ഫീസ് ഈടാക്കുന്നുള്ളൂ. ബാക്കിയുള്ള 50% സീറ്റുകളിൽ ഉയർന്ന മാനേജ്മെന്റ് ഫീസാണ് ഈടാക്കുന്നത്. കാർഷിക സർവകലാശാലയിലെ 30-40% വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ലഭിക്കുന്നുണ്ട്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹതയുള്ള വിദ്യാർത്ഥികൾക്കായി വൈസ് ചാൻസലറുടെ മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (VCMMS) ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സർക്കാർ കോളേജുകളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കാൻ ആഗ്രഹിക്കുന്ന സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത ഈ ഫീസ് വർദ്ധന ലഘൂകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കേരള കാർഷിക സർവകലാശാലയിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളിൽ അർഹതയുള്ളവർക്ക്, വൈസ് ചാൻസലറുടെ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് (VCMMS) ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ₹5 ലക്ഷം രൂപയോ അതിൽ താഴെയോ കുടുംബ വാർഷികവരുമാനം ഉള്ള അർഹരായ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ച ഫീസ് സ്കോളർഷിപ്പ് ആയി ലഭിക്കുന്നതാണ്.<br><br>സർവകലാശാല ഫീസ് വർദ്ധിപ്പിച്ചതിനെതിരെ വിദ്യാർത്ഥി സംഘടനകൾ പരാതി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ 16.09.2025 ന് വിദ്യാർത്ഥി യൂണിയൻ പ്രതിനിധികളും സർവകലാശാല അധികൃതരുമായും മന്ത്രിതല ചർച്ച നടന്നു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ WPC No.33850/2025 നമ്പർ റിട്ട് ഹർജി നിലവിലുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ 12.09.2025 തീയതിയിലെ |

| | | | |
|---|---|---|---|
| | | | ഇടക്കാല ഉത്തരവ് പ്രകാരം ഫീസ് വർദ്ധനവ്, പ്രസ്തുത റിട്ട് ഹർജിയിലെ അന്തിമവിധിക്ക് വിധേയമായിരിക്കും. |

സെക്ഷൻ ഓഫീസർ